# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2200      09.03.2018-ൽ മറുപടിക്ക്

## അട്ടപ്പാടിയിൽ സമഗ്ര ആദിവാസി വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ സമഗ്ര ആദിവാസി വികസന പദ്ധതിയുടെ തലപ്പത്ത് ഒരു ഐ.എ.എസ്. ഓഫീസറെ നിയമിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നോ; പ്രസ്തുത ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | എ) യും ബി) യും | അട്ടപ്പാടിയിൽ സമഗ്ര ആദിവാസി വികസന പദ്ധതിയുടെ നോഡൽ ഓഫീസറായി നിലവിൽ ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനെ തന്നെയാണ് നിയമിച്ചിട്ടുള്ളത്. |
| ബി) | ഐ.റ്റി.ഡി.പി -യുടെ തലപ്പത്തുനിന്ന് നിലവിലുള്ള ഉദ്യോഗസ്ഥനെ മാറ്റിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് ചുമതല; | | |
| സി) | ഐ.റ്റി.ഡി.പി - യുടെ പ്രവർത്തനം ഏതൊക്കെ മേഖലകളിലാണ്; അട്ടപ്പാടിയിൽ നാട്ടുകാരുടെ മർദ്ദനത്തെ തുടർന്ന് മരണമടഞ്ഞ മധുവിനെ പോലുള്ളവർക്ക് ഭക്ഷണം നൽകുവാൻ ഊരുകളിൽ സമൂഹ അടുക്കള ഐ.റ്റി.ഡി.പി. യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്നോ; | സി) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം, സ്വയംതൊഴിൽ, വരുമാനദായകം പദ്ധതികൾ തുടങ്ങിയ അവരുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പദ്ധതികൾ ലക്ഷ്യം വയ്ക്കുന്ന മേഖലകളിലാണ് വകുപ്പ് പ്രവർത്തനം നടത്തി വരുന്നത്. വകുപ്പിന്റെ കീഴിൽ സമൂഹ അടുക്കള പ്രവർത്തിച്ചിരുന്നു. സമൂഹ അടുക്കളയിൽ വന്നിരുന്ന എല്ലാ പട്ടിക വർഗ്ഗക്കാർക്കും ഭക്ഷണം നൽകിയിരുന്നു. കൂടാതെ വകുപ്പിന്റെ ഭക്ഷ്യ ധാന്യ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം മധുവിന്റെ കുടുംബത്തിന് അർഹതപ്പെട്ട ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തിരുന്നു. ഇതിനു പുറമെ പട്ടിക വർഗ്ഗക്കാർക്ക് റേഷൻകട വഴി ലഭിക്കേണ്ട ഭക്ഷ്യ ധാന്യങ്ങളും നൽകിയിരുന്നു. ഇപ്രകാരം മധുവിന്റെ കുടുംബത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായിട്ടില്ല. |
| ഡി) | എങ്കിൽ മധു ഭക്ഷണത്തിനായി കാട് വിട്ട് നാട്ടിലിറങ്ങാനുണ്ടായ സാഹചര്യം പരിശോധിക്കുമോ? | ഡി) | മാനസിക രോഗിയായിരുന്ന ശ്രീ. മധു ബന്ധുക്കളിൽ നിന്നും അകന്നുമാറി സർക്കാർ വകുപ്പുകളുടെ ഫീൽഡ്തല ഉദ്യോഗസ്ഥർക്കോ, ക്ഷേമ പ്രവർത്തകർക്കോ പിടിതരാതെ വനത്തിനുള്ളിൽ ഒറ്റപ്പെട്ടാണ് താമസിച്ചിരുന്നത്. കാട് വിട്ട് നാട്ടിലിറങ്ങിയോ എന്ന കാര്യം വ്യക്തമല്ല. |

**സെക്ഷൻ ഓഫീസർ**